(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/ 2132/ 2016

കേരള
സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം ഫോൺ 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

തീയതി 13.12.2016

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ചെങ്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്കൽ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെയും 3-ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉ.പ.സഹിതം),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.1/2132/2016 തിയതി: 11.12.2016

## തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന്

വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10-06-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 19എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 05-11-2016 മുതൽ 11-11-2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : 1. ശ്രീമതി.ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ,

2. ശ്രീ.അജികുമാരൻ.സി, സീനി.ഗ്രേ. ഓഡിറ്റർ,

3. ശ്രീ.അരുൺ.സി.എസ്, സീനി.ഗ്രേ.ഓഡിറ്റർ,

4. ശ്രീ.ശിവനാഥൻ.എ. ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് :(1) ശ്രീമതി. സുഗന്ധി. എച്ച്, 01-04-2015 മുതൽ 31-10-2015വരെ

(2) ശ്രീ. വട്ടവിള രാജ്കുമാർ, 19-11-2015മുതൽ 31-03-2016വരെ

സെക്രട്ടറി : (1) ശ്രീ.സി.ബാബു , 01-04-2015മുതൽ03-01-2016വരെ

(2) ശ്രീമതി.ധർമ്മകുമാരി, 04-01 -2016മുതൽ 08-03-2016വരെ

3) ശ്രീമതി. എസ്.എസ്.ബിജി, 09-03-2016മുതൽ 31-03-2016വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

(1) അസി.സെക്രട്ടറി : എസ് .എസ് .ബിജി,

(2) അസി.എഞ്ചിനിയർ : 1.ശ്രീ.ലിജു.എൽ.എസ്, 01-04-2015മുതൽ13-07-2015വരെ

2.ശ്രീ.വിഷ്ണു.ആർ, 14-07-2015മുതൽ31-03-2016വരെ

(3) മെഡിക്കൽ ഓഫീസർ, അലോപ്പതി :ശ്രീമതി.ലിജ സുനിൽ, 01-04-2015മുതൽ 31-03-2016വരെ

(4) മെഡിക്കൽ ഓഫീസർ, ആയുർവ്വേദം : ശ്രീമതി.സുശീലാ സ്റ്റീഫൻ, 01-04-2015മുതൽ31-03-2016വരെ
(5) മെഡിക്കൽ ഓഫീസർ ഹോമിയോ : ശ്രീമതി.ഷെർളി .സി.രാജ് , 01-04-2015മുതൽ 31-03-2016വരെ

(6) കൃഷി ഓഫീസർ : ശ്രീ.ശൈലകുമാർ, 01-04-2015മുതൽ31-03-2016വരെ

(7) വി.ഇ.ഒ.(എ – സർക്കിൾ) : ശ്രീ.ബാലു.കെ.എസ്, 01-04-2015മുതൽ 31-03-2016വരെ

8) എൽ.വി.ഇ.ഒ. : ശ്രീമതി.സ്മിതാ രാജ് .ഡി, 01-04-2015മുതൽ 31-03-2016വരെ

(9) ഐ.സി.ഡി.എസ് സൂപ്പർവൈസർ :(1)ശ്രീമതി.സുശീലാബായി.വി,
01-04-2015മുതൽ 30-06-2015വരെ

(2) ശ്രീമതി.ഷീബാ എഡ്വേർഡ്, 01-07-2015മുതൽ31-12-2015വരെ

(3) ശ്രീമതി.ദീപാ എസ്.നായർ, 01-01-2016മുതൽ 31-03-2016വരെ

(10) എച്ച് .എം. : (1) ശ്രീമതി.വി.ആർ.ഗ്രേസി, 01-04-2015മുതൽ 31-05-2015വരെ

(2)ശ്രീമതി.റീജ.എൻ, 01-06-2015 മുതൽ 21-06-2015 വരെ

(3) ശ്രീമതി.ലത.എൻ.ഉഷസ്സ്, 22-06-2015മുതൽ 31-03-2016വരെ

(11) വെറ്ററിനറി സർജൻ- ജിനകുമാർ, 01-04-2015മുതൽ 30-03-2016വരെ

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 01 | ബജറ്റ് | 1-1 | |
| 02 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 03 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 04 | സാമ്പത്തിക വിശകലനം | 1-4 | |
| 05 | ഫണ്ട് വിനിയോഗം | 1-5 | |
| 06 | പദ്ധതി അവലോകനം. | 1-6 | |
| 07 | തനത് വരുമാനം. | 1-7 | |
| 08 | ക്ഷേമപദ്ധതികൾ | 1-8 | |
| 09 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-1 | |
| 13 | സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക | 2-2 | |
| 14 | കല്യാണ മണ്ഡപം, ആഡിറ്റോറിയം-തൊഴിൽ നികുതി | 2-3 | |
| 15 | ഡി&ഒ ലൈസൻസ്- അപാകങ്ങൾ | 2-4 | |
| 16 | ഷോപ്പിംഗ് കോംപ്ളക്സ്-വാടക കുടിശ്ശിക | 2-5 | |
| 17 | പരസ്യ നികുതി ഈടാക്കുന്നില്ല | 2-6 | |
| 18 | മൊബൈൽ ടവർ- വസ്തു നികുതി ഈടാക്കുന്നില്ല. | 2-7 | |
| 19 | വസ്തു നികുതി കുടിശ്ശിക | 2-8 | |
| | ഭാഗം 3 | | |
| 20 | വെറ്ററിനറിസർജൻ നിർവ്വഹിച്ച പ്രോജക്ടുകൾ | 3-1 | |
| 21 | പ്രോജക്ട് നടത്തിപ്പ് പുറത്തെ ഏജൻസിയെ ഏൽപ്പിച്ചു. | 3-2 | |
| 22 | മരാമത്ത് പ്രവൃത്തികൾക്ക് അധിക തുക നൽകി. | 3-3 | |
| 23 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 3-4 | |
| 24 | വസ്തു നികുതി പരിഷ്കരണ രേഖയില്ല -70794 രൂപയുടെ ചെലവ് | 3-5 | |

| | | | |
|---|---|---|---|
| | തടസ്സപ്പെടുത്തുന്നു | | |
| 25 | ബാലസഭ-അധിക തുക നൽകി | 3-6 | |
| 26 | ആശ്രയ പദ്ധതി | 3-7 | |
| 27 | നഴ്സറി സ്കൂൾ പ്രവർത്തനം മാതൃകാപരം | 3-8 | |
| 28 | ആയുർവേദ മരുന്നു വിതരണത്തിൽ കാലതാമസം | 3-9 | |
| | ഭാഗം 4 | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | | |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | | |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | | |
| 33 | സ്ഥിരനിക്ഷേപങ്ങൾ | | |
| 34 | ഓഡിറ്റ് റിക്കവറി | | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | | |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 31-03-2015തിയതിയിലെ 1-)o നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 232080891 രൂപ വരവും 152847087 രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്.എന്നാൽ യഥാർത്ഥ വരവ് 85527875 രൂപയും ചെലവ് 77770987 രൂപയുമാണ്.

ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് ചെലവ് തുക യഥാർത്ഥ വരവ് ചെലവ് തുകയേക്കാൾ വളരെ കൂടുതലാണ്. യാഥാർത്ഥ്യ ബോധത്തോടുകൂടി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2014 | 7-7-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 07-11-2016 , 08-11-2016 | - |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 31303093

വരവ് - 54224782

ആകെ - 85527875

ചെലവ് - 77624983

നീക്കിയിരിപ്പ് - 7902892

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2070968 | 5007836 | +8021795 | 15100599 | 15100599 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 1725000 | 6003423 | -1027277 | 6701146 | 6701146 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 5000 | 0 | -5000 | 0 | 0 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 1622071 | 6665367 | - | 8287438 | 8287438 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2958520 | 3527731 | - | 6484251 | 6484251 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3625410 | 8913958 | -2712551 | 9826817 | 9826817 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 5189294 | 2891260 | -4276967 | 3803587 | 3803587 | 0 | 100 |
| എൻ.ആർ.ഇ. ജി.എസ് | 1986726 | 20734338 | - | 22721064 | 22687719 | 33345 | - |
| ബി ഫണ്ട് | 0 | 46977555 | - | 46977555 | 46977555 | 0 | - |
| ലിറ്ററസി ഗ്രാന്റ് | 13306 | 0 | - | 13306 | 0 | 13306 | - |
| ഡ്രോട്ട് | 0 | 1458339 | - | 1458339 | 1458339 | 0 | - |
| ജനറൽ പർപ്പസ് | 5856946 | 10884669 | - | 16741615 | 11607697 | 5133918 | - |
| ബി.പി.എൽ. | 135150 | 0 | - | 135150 | 115050 | 20100 | - |
| മറ്റ് വരവുകൾ, തനതുവരുമാനം | 6114702 | 5393461 | - | 11508163 | 8805940 | 2702223 | -- |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 75786758 | 193 | 58129701 | - | 35 | 85 |

അംഗീകാരം ലഭിക്കുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ ഭരണതലത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 27ശതമാനം വർദ്ധനവ് മാത്രമാണ് ഉണ്ടായിട്ടുള്ളത്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| വിനോദ നികുതി | - | - | - | - |
| തൊഴിൽ നികുതി | 989830 | 1006740 | +16910 | |
| കെട്ടിട നികുതി | 2328404 | 1456433 | -871971 | |
| പരസ്യ നികുതി | - | - | - | - |
| നികുതിയേതര വരവുകൾ | | | | |
| ഷോപ്പിംഗ് കോംപ്ളക്സ് | 191900 | 172500 | -19400 | |
| ലേലം | 740080 | 641000 | -99080 | |
| ഡി.ആന്റ്.ഓ. ലൈസൻസ് | 80600 | 97250 | +16650 | |
| മറ്റു വരവുകൾ | 613726 | 464703 | -149023 | |
| ആകെ | 4944540 | 3838626 | | |

ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പരസ്യ നികുതി ഈടാക്കിയും വസ്തു നികുതി ഇനത്തിൽ അവശേഷിക്കുന്ന കുടിശ്ശിക സമയബന്ധിതമായി

പിരിച്ചെടുക്കുന്നതിനും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ കച്ചവട സ്ഥാപനങ്ങളെയും സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് നൽകിയും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. പഞ്ചായത്ത് മേഖലയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവ്വറുകളുടെ വിവരം ശേഖരിച്ച് രജിസ്റ്റർ തയ്യാറാക്കേണ്ടതും സ്ഥലവസ്തുതിയനുസരിച്ച് അവയിൽ നിന്ന് വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

കൂടാതെ ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനും സ്ഥാപന ഉടമകളിൽ നിന്ന് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1629480 | 1177 |
| കർഷകതൊഴിലാളി പെൻഷൻ | 12480900 | 921 |
| വിധവാപെൻഷൻ | 11908600 | 811 |
| വാർദ്ധക്യകാലപെൻഷൻ | 12908790 | 1437 |
| വികലാംഗപെൻഷൻ | 6553215 | 473 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 850000 | 30 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 604760 | 50 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-11-2016ന് രാവിലെ 11-15മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3452/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ലേലം, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ വാടക കുടിശ്ശികയില്ലാതെ പിരിച്ചെടുക്കേണ്ടതും ബന്ധപ്പെട്ട രജിസ്റ്ററിൽ അരിയർ / കറന്റ് ഡിമാന്റ് തുക, വരവ് തുക, കുടിശ്ശിക എന്നിവ സംബന്ധിച്ച വിവരം വ്യക്തമായിക്കാണിക്കുന്ന അബ്സ്ട്രാക്ട് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് ഉടർ നിർമ്മാണ, മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ പരിശോധിച്ച് മുൻഗണനാക്രമം പാലിച്ച് നിർവ്വഹിക്കേണ്ടതുമാണ്.

ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ ചട്ടങ്ങളിലെ വകുപ്പ് (13)പ്രകാരവും സംസ്ഥാന ആസൂത്രണബോർഡ് 1999ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ പ്രകാരവുമുള്ള വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന പദ്ധതികളുടെ ചെലവ് രേഖകൾ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1-11-2016 മുതൽ | 01-10-2016മുതൽ | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| | 03-11-2016വരെ | 30-10-2016വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12-05-2016മുതൽ<br>31-05-2016വരെ | 2011-12മുതൽ<br>2015-16വരെ | 23-07-2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - ഈടാക്കിയതിൽ കുറവ്

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് -സ്ഥാപനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|
| 1 | ലേഖ റാണി<br>വി എച്ച് എസ് എസ് ആറയൂർ | 1000 | 600 | 400 |
| 2 | അഖിലശ്രീ, എസ്.ബി.ടി ഉദിയൻകുളങ്ങര | 750 | 600 | 150 |
| 3 | എസ്.എസ് രമാദേവി, ചെങ്കൽ സർവ്വീസ് സഹകരണ ബാങ്ക് | 1250 | 1000 | 250 |
| 4 | വിനോദ് വി, നൈറ്റ് വാച്ച്മാൻ | 1250 | 1000 | 250 |
| 5 | നീത കരുണാകരൻ, ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ | 1000 | 750 | 250 |
| 6 | ജിജാ കുമാരി , ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ | 1000 | 450 | 550 |
| 7 | ജിത റാണി, ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ | 1000 | 450 | 550 |
| 8 | മാതാ, ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ | 1000 | 450 | 550 |
| 9 | ശ്രീദേവി, ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ | 1000 | 450 | 550 |
| 10 | ദിവ്യ, ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ | 1000 | 450 | 550 |
| 11 | പ്രിയ പ്രസാദ്, ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ | 1000 | 450 | 550 |
| 12 | ഷിജ, ന്യൂജ്യോതി സെൻട്രൽ സ്ക്ൂൾ | 1000 | 300 | 700 |
| 13 | ദീപ, ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ | 1000 | 450 | 550 |
| 14 | രാഹുൽ, ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ | 1000 | 600 | 400 |
| 15 | സചിത്ര, ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ | 750 | 450 | 300 |
| 16 | നിഷാ വിൽസ്, ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ | 750 | 450 | 300 |
| 17 | റീന, ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ | 750 | 450 | 300 |
| 18 | സരിത, ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ | 750 | 450 | 300 |
| 19 | ബിന്ദു, ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ | 750 | 450 | 300 |
| 20 | ശശികല, ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ | 750 | 450 | 300 |
| 21 | അനുഷ വൈ, ന്യൂ ജ്യോതി സെൻട്രൽ സ്കൂൾ | 750 | 450 | 300 |
| 22 | ചന്ദ്രലേഖ, ആറയൂർസർവ്വീസ് സഹകരണ ബാങ്കിന്റെ | 600 | 450 | 150 |
| 23 | അരുൺ ,ആറയൂർസർവ്വീസ് സഹകരണ ബാങ്ക് | 1000 | 750 | 250 |

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്തിൽ ഒടുക്ക വരുത്തുമ്പോൾ ജീവനക്കാരുടെ ശമ്പളം സംബന്ധിച്ച വിശദാംശങ്ങൾ നിശ്ചിത മാതൃകയിൽ നൽകേണ്ടതാണ്. എന്നാൽ പല സ്ഥാപനങ്ങളും വിവരങ്ങൾ നിശ്ചിത മാതൃകയിൽ സമർപ്പിക്കുന്നതായി കാണുന്നില്ല. കൂടാതെ തൊഴിൽ നികുതി കണക്കാക്കുമ്പോൾ ബോണസ്, ഫെസ്റ്റിവൽ അലവൻസ് എന്നിവ പരിഗണിച്ചതായി കാണുന്നില്ല.

## 2-2 സ്ഥാപന തൊഴിൽ നികുതി - ഈടാക്കുന്നതിൽ കുടിശ്ശിക

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ കുടിശ്ശിക കാണുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക കാലയളവ് |
|---|---|---|
| 1 | ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷൻ | 2013 മുതൽ |
| 2 | സായി കൃഷ്ണ പബ്ലിക് സ്കൂൾ | 2014-15 മുതൽ |
| 3 | പ്രത്യാശ ആരോഗ്യ ജനസേവനകേന്ദ്രം | 2013 മുതൽ |

## 2-3. കല്യാണ മണ്ഡപം , ഓഡിറ്റോറിയം എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല.

കേരളാ പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204 പ്രകാരം പഞ്ചായത്തിന്റെ പരിധിയിലെ കല്യാണ മണ്ഡപം , ഓഡിറ്റോറിയം എന്നിവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ശിവശക്തി ചെങ്കൽ, എംഎംഎ ഹാൾ വ്ലാത്താങ്കര, പാരിഷ് ഹാൾ കുരുമ്പൽ, ദേവ്യനന്ദ ഓഡിറ്റോറിയം എന്നീ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ശിവശക്തി ചെങ്കൽ, എംഎംഎ ഹാൾ വ്ലാത്താങ്കര, പാരിഷ് ഹാൾ കുരുമ്പൽ എന്നീ സ്ഥാപനങ്ങൾ ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന എന്നും ദേവ്യനന്ദ ഓഡിറ്റോറിയം 2014-15 മുതലുള്ള കുടിശ്ശിക അടയ്ക്കാനുണ്ടെന്നുമാണ് മറുപടി ലഭിച്ചത്. ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന കല്യാണ മണ്ഡപം, ഓഡിറ്റോറിയം എന്നിവയെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് നൽകാനായി മറ്റൊരു ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ മേൽ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

## 2-4. ഡി& ഒ ലൈസൻസ് അനുവദിക്കുന്നതിൽ അപാകതകൾ

ഡി &ഒ ലൈസൻസ് സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

- വ്യാപാരികളുടെ ലിസ്റ്റ് ഉൾപ്പെടുന്ന രജിസ്റ്റർ ശരിയായി പരിപാലിക്കപ്പെടുന്നില്ല. വ്യാപാരികളുടെ ലിസ്റ്റ് അപൂർണ്ണമാണ്.
- പ്ലാസ്റ്റിക്ക് നിരോധനം സംബന്ധിച്ച മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനം പാലിക്കുമെന്ന അണ്ടർ ടേക്കിംങ് സമർപ്പിച്ചിട്ടില്ല. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, വനം വകുപ്പിന്റെ നിരാക്ഷേപ പത്രം, വ്യവസായ വകുപ്പിന്റെ അനുമതി എന്നിവയില്ലാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു.
- പല സ്ഥാപനങ്ങളും വർഷങ്ങളായി ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചതായി കണ്ടു. ഉദാ മണയ്ക്കകം ഇൻഡസ്ട്രീസ് (1.4.11 മുതൽ 27.4.16 വരെ), ദേവി മെഡിക്കൽസ് (1.4.12 മുതൽ 11.5.15 വരെ)

## 2-5 ഷോപ്പിംഗ് കോംപ്ലക്സ് - വാടക കുടിശ്ശിക 290400 രൂപ

ഷോപ്പിംഗ് കോംപ്ലക്സിലെ 18 മുറികളിലായി 2015-16 സാമ്പത്തിക വർഷം വാടക കുടിശ്ശിക 290400 രൂപയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | കടമുറി നം. | വാടകക്കാരന്റെ പേര്. | പ്രതിമാസ വാടക. | കുടിശ്ശിക കാലയളവ്. |
|---|---|---|---|---|
| 1 | 2 | സുലോചന | 800 | 12മാസം |

| | | | | |
|---|---|---|---|---|
| 2 | 5 | നാഗപ്പൻനായർ | 800 | “ടി |
| 3 | 10 | റ്റൈലാസ് | 800 | ടി |
| 4 | 11 | അനീൽകുമാർ | 800 | ടി |
| 5 | 13 | സദാശിവൻനായർ | 800 | ടി |
| 6 | 14 | സരസ്വതി | 2500 | ടി |
| 7 | 12 | ശ്രീലത | 1300 | ടി |
| 8 | 18 | ശ്രീലത | 2500 | ടി |
| 9 | 19 | ശിവകുമാർ | 2500 | ടി |
| 10 | 20 | പ്രഭാകരൻ | 2500 | ടി |
| 11 | 21 | കുമാർ | 500 | ടി |
| 12 | 22 | ശ്രീലത | 500 | ടി |
| 13 | 23 | ശിവനാഥ് | 500 | ടി |
| 14 | 24 | ശിവനാഥ് | 800 | ടി |
| 15 | 25 | നാഗപ്പൻനായർ | 800 | ടി |
| 16 | 26 | ശിവനാഥ് | 500 | ടി |
| 17 | 27 | നാഗപ്പൻനായർ | 500 | ടി |
| 18 | 30 | പ്രഭാകരൻ | 300 | ടി |

WPC 15108/14 നം കേസു നിലനില്ക്കുന്നതിനാൽ വാടക കുടിശ്ശിക ഈടാക്കാൻ നിർവ്വാഹമില്ലെന്ന് ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കേസു തീർപ്പാകുന്ന മുറയ്ക്ക് കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6. പരസ്യനികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് പരസ്യനികുതി ഈടാക്കുന്നില്ല. പഞ്ചായത്തിന്റെ തനതുവരുമാനമായ പരസ്യനികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ഭരണതലത്തിൽ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 08-11-2016 ലെ 07/16 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പരസ്യനികുതി ഈടാക്കുവാൻ ബൈലാ തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി സമ്മതത്തോടെ 2016-17 സാമ്പത്തിക വർഷം തന്നെ തുടർ നടപടി സ്വീകരിക്കുന്നതാണെന്ന വിവരമാണ് അധികൃതർ ലഭ്യമാക്കിയിട്ടുള്ളത്. ഇനിയും കാലതാമസമുണ്ടാക്കാതെ പരസ്യങ്ങൾക്ക് പരസ്യനികുതി ഈടാക്കി പഞ്ചായത്തിന്റെ തനതുവരുമാനം വർധിപ്പിക്കുവാൻ അടിയന്തിര

നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് കാര്യാലയത്തിന്റെ സമീപ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ളതും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടതുമായ ചില പരസ്യബോർഡുകളെ സമബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

1. ഡോക്ടർ ബാക്ക് മാടസ്സ്, ഉദിയൻകുളങ്ങര,

2. രാജാ ഗോതമ്പ് സേമിയ, ഉദിയൻകുളങ്ങര,

3. ഭീമാ ജ്വവലറി, ഉദിയൻകുളങ്ങര,

4. സുദർശൻ ജ്വവലറി, ഉദിയൻകുളങ്ങര,

5. അശ്വതി ഫർണിച്ചർ പാലസ്, ഉദിയൻകുളങ്ങര,

6. ബിനോയ് മാർബിൾസ് & ഗ്രാനൈറ്റ്സ് ഉദിയൻകുളങ്ങര,

7. പോത്തിസ്, ഉദിയൻകുളങ്ങര,

8. ജോസ്കോ ഫർണിച്ചർ, കൊറ്റാമം,

9. സജി ഫർണിച്ചർ , കൊച്ചോട്ടുകോണം.

## 2-7 മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് നാളിതുവരെ അതിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ അവയിൽ നിന്ന് സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്യുന്നില്ല. ജി.ഒ (എം.എസ്) നം.113/2009/ത.സ്വ.ഭ.വ, തിയതി. 02-01-2009 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മൊബൈൽ ടവർ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് ഗ്രാമപഞ്ചായത്ത് വസ്തുനികുതി ഈടാക്കേണ്ടതാണ്. 08-11-2016 ലെ 08/16 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന ആകെ മൊബൈൽ ടവറുകളെ സംബന്ധിച്ച വിവരം ആവശ്യപ്പെട്ടുവെങ്കിലും മൊബൈൽ ടവറുകളെ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ അവയിൽ നിന്ന് വസ്തുനികുതി ഈടാക്കുകയോ ചെയ്യുന്നില്ലായെന്ന മറുപടിയാണ് അധികൃതർ ലഭ്യമാക്കിയത്.പഞ്ചായത്ത് പരിധിയിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ തയ്യാറാക്കി അവയിൽ നിന്ന് വസ്തുനികുതി ഈടാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.ജി.ഒ (ആർ.ടി) 19/2011/ത.സ്വ.ഭ.വ. പ്രകാരം മൊബൈൽ ടവ്വറുകളുടെ വസ്തുനികുതി ചതുരശ്ര മീറ്ററിന് (പ്ളിന്റ് ഏരിയ) 400/-രൂപയാണ്.

## 2-8 വസ്തുനികുതി - കുടിശ്ശിക377732/-രൂപ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203പ്രകാരം ഗ്രാമപഞ്ചായത്ത് നിർണ്ണയിക്കുന്ന വസ്തുനികുതി തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ

ഡി.സി.ബി.പത്രിക പ്രകാരം 2015-16സാമ്പത്തിക വർഷം അരിയറും കറന്റും ഉൾപ്പെടെ 377732/-രൂപ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് കുടിശ്ശികയായി കിട്ടാനുണ്ട്.

എന്നാൽ 2015-16സാമ്പത്തിക വർഷത്തെ വാർഷിക ധനക്രാര്യ പത്രിക പ്രകാരം അരിയറും കറന്റും ഉൾപ്പെടെയുള്ള ആകെ കുടിശ്ശിക 604834/-രൂപയാണ്. വാർഷിക ധനകാര്യ പത്രികയിലെ കുടിശ്ശികയും ഡി.സി.ബി.പത്രികയിലെ കുടിശ്ശികയും തമ്മിൽ ആകെ 227102/- രൂപയുടെ വ്യത്യാസമാണുള്ളത്.വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള10-11-2016 ലെ 15/16 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അപാകത പരിഹരിച്ച് കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത അപാകത പരിഹരിച്ച് അരിയറും കറന്റും ഉൾപ്പെടെ പഞ്ചായത്തിന് കിട്ടേണ്ട കൃത്യമായ വസ്തുനികുതി നിർണയിച്ച് കുടിശ്ശികയില്ലാതെ പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243പ്രകാരം പ്രസ്തുത തുക നിർണ്ണയിച്ച തീയതി മുതൽ 3 വർഷത്തിനുള്ളിൽ ഗ്രാമപഞ്ചായത്ത് പിരിച്ചെടുക്കാതിരുന്നാൽ ഗ്രാമപഞ്ചായത്തിന് ടി തുക നഷ്ടപ്പെടുന്നതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെറ്ററിനറി സർജൻ നിർവ്വഹിച്ച പദ്ധതികൾ - ലക്ഷ്യം കൈവരിച്ചില്ല.

2015-2016 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മൂന്ന് പ്രോജക്ടുകളും പ്രോജക്ടിൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിച്ചില്ല.

| പ്രോജക്ടിന്റെ വിവരങ്ങൾ | പ്രോജക്ട് വിഭാവനം ചെയ്ത ലക്ഷ്യം | പ്രോജക്ട് കൈവരിച്ച നേട്ടം | ഓഡിറ്റ് അന്വേഷണത്തിന് വെറ്ററിനറി സർജൻ നൽകിയ |
|---|---|---|---|

| | | | |
|---|---|---|---|
| | | | മറുപടി |
| പ്രോജക്റ്റ് നം : 231/2016<br>പ്രോജക്ടിന്റെ പേര്:ആട്ട വളർത്തൽ പദ്ധതി<br>ആകെ അടങ്കൽ:4,16,000 രൂപഗുണഭോക്തൃ വിഹിതം :2,08,000രൂപ<br>വികസന ഫണ്ട് വിഹിതം:2,08,000രൂപ | ഒരു യൂണിറ്റിൽ ഒരു പെണ്ണാട്ട വീതം 52യൂണിറ്റുകൾ<br>നല്കാൻ തീരുമാനിച്ചു.<br>ഒരു യൂണിറ്റിന് ചെലവാകുന്ന 8000രൂപയിൽ 4000രൂപ സബ്സിഡിയായി നല്കം | 13 യൂണിറ്റുകൾ മാത്രമേ നല്കിയുള്ളൂ | ഗുണഭോക്തൃലിസ്റ്റ് അപൂർണവും യോഗ്യതയില്ലാത്തവർ ഉൾപ്പെട്ടതായിരുന്നതിനാലും<br>പദ്ധതി പ്രവർത്തനങ്ങളിൽ താല്പര്യമില്ലാത്തവർക്ക് തുക വിതരണം ചെയ്യാൻ കഴിയാത്തതിനാലുമാണ് പദ്ധതി പൂർത്തീകരണം നടക്കാത്തത്. |
| പ്രോജക്റ്റ് നം: 230/2016<br>പ്രോജക്ടിന്റെ പേര്: കാലിത്തൊഴുത്ത് നിർമ്മാണം(പട്ടിക ജാതി വിഭാഗത്തിന്)<br>ആകെ അടങ്കൽ :8,40,000രൂപ<br>ഗുണഭോക്തൃ വിഹിതം :4,20,000രൂപ<br>വികസന ഫണ്ട് വിഹിതം:4,20,000രൂപ | 20,000 ചെലവിൽ രണ്ട് പശുക്കൾക്ക് വേണ്ടിയുള്ള തൊഴുത്ത് 42ഗുണഭോക്താക്കൾ നിർമ്മിക്കുമ്പോൾ 10,000രൂപ വീതം സബ്സിഡിയായി നല്കം. | 8ഗുണഭോക്താക്കൾ മാത്രമേ തൊഴുത്ത് നിർമ്മിച്ച് ആനുകൂല്യം കൈപ്പറ്റിയുള്ളൂ. | ഗുണഭോക്തൃലിസ്റ്റ് അപൂർണവും യോഗ്യതയില്ലാത്തവർ ഉൾപ്പെട്ടതായിരുന്നതിനാലും പദ്ധതി പ്രവർത്തനങ്ങളിൽ താല്പര്യമില്ലാത്തവർക്ക് തുക വിതരണം ചെയ്യാൻ കഴിയാത്തതിനാലുമാണ് പദ്ധതി പൂർത്തീകരണം നടക്കാത്തത്. |
| പ്രോജക്റ്റ് നം: 249/2016<br>പ്രോജക്ടിന്റെ പേര്: കാലിത്തൊഴുത്ത് നിർമ്മാണം(പൊതു വിഭാഗം)<br>ആകെ അടങ്കൽ :6,90,000രൂപ<br>ഗുണഭോക്തൃ വിഹിതം :4,60,000രൂപ<br>വികസന ഫണ്ട് വിഹിതം:2,30,000രൂപ | 30,000 ചെലവിൽ മൂന്ന്പശുക്കൾക്ക് വേണ്ടിയുള്ള തൊഴുത്ത് 23ഗുണഭോക്താക്കൾ നിർമ്മിക്കുമ്പോൾ 10,000രൂപ വീതം സബ്സിഡിയായി നല്കം | 10ഗുണഭോക്താക്കൾ മാത്രമേ തൊഴുത്ത് നിർമ്മിച്ച് ആനുകൂല്യം കൈപ്പറ്റിയുള്ളൂ. | ഗുണഭോക്തൃലിസ്റ്റ് അപൂർണവും യോഗ്യതയില്ലാത്തവർ ഉൾപ്പെട്ടതായിരുന്നതിനാലും പദ്ധതി പ്രവർത്തനങ്ങളിൽ താല്പര്യമില്ലാത്തവർക്ക് തുക വിതരണം ചെയ്യാൻ കഴിയാത്തതിനാലുമാണ് പദ്ധതി പൂർത്തീകരണം നടക്കാത്തത്. |

| | | | |
|---|---|---|---|
| | | | |

പരമാവധി ഗുണഭോക്താക്കൾക്ക് പ്രയോജനകരമായതും നടപ്പിലാക്കാൻ കഴിയുന്നതുമായ പ്രോജക്ടുകൾ ആസൂത്രണം ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉല്പാദനമേഖലയ്ക്ക് വകയിരുത്തുന്ന തുക ചെലവഴിക്കാതെ വക മാറ്റുന്ന പ്രവണത ഒഴിവാക്കാനും പദ്ധതികളിൽ താല്പര്യമുള്ള ഗുണഭോക്താക്കളെ ഉൾപ്പെടുത്തുവാനും വേണ്ട നടപടികൾ ഭരണതലത്തിൽ സ്വീകരിക്കേണ്ടതാണ്.

## 3-2 പ്രോജക്ട് നടത്തിപ്പ് പുറത്തെ ഏജൻസിക്ക് നൽകിയത് ക്രമവിരുദ്ധം - 2,50,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് : പ്രാഥമിക പരിസ്ഥിതി സംരക്ഷണ പദ്ധതി

അടങ്കൽ : 2,50,000/-രൂപ

സംഘാടനം : ചെങ്കൽ ഗ്രാമ പഞ്ചായത്ത്

സംയോജനം : അക്കാഡമി ഫോർ മൗണ്ടനീയറിംഗ് & അഡ്വഞ്ചർ സ്പോർട്സ് (AMAS), നെയ്യാറ്റിൻകര.

ഫണ്ടിംഗ് ഏജൻസി : കേരള സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

കേരള സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 2015-2016 സാമ്പത്തിക വർഷത്തിൽ ചെങ്കൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ പ്രാഥമിക പരിസ്ഥിതി സംരക്ഷണ പദ്ധതി എന്ന പ്രോജക്ടിന്റെ ഓഡിറ്റ് പരിശോധനയിൽ ചുവടെ വിവരിക്കുന്ന അപാകതകൾ കണ്ടെത്തി.

1) സെക്രട്ടറി നേരിട്ട് നടപ്പിലാക്കേണ്ട പദ്ധതി ബാഹ്യ ഏജൻസിയായ അക്കാഡമി ഫോർ മൗണ്ടനീയറിംഗ് & അഡ്വഞ്ചർ സ്പോർട്സ് (AMAS), നെയ്യാറ്റിൻകര എന്ന ഏജൻസിയെ നടത്തിപ്പ് ചുമതല ഏല്പിക്കുകയും1,25,000/-രൂപ മുൻകൂറായി നൽകുകയും ചെയ്തു. 12/8/2015 തിയ്യതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ സാധാരണയോഗത്തിലെ(8)ാം നമ്പർ തീരുമാനം AMASനെ പദ്ധതി നടപ്പിലാക്കാനുള്ള ചുമതല ഏല്പിക്കുക എന്നായിരുന്നു. പഞ്ചായത്ത് നടപ്പിലാക്കേണ്ടിയിരുന്ന പദ്ധതി പൂർണമായും ഒരു ബാഹ്യ ഏജൻസിക്ക് ടെന്റർ നടപടികളൊന്നും സ്വീകരിക്കാതെ നൽകാൻ പഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനം വിയോജനക്കുറിപ്പൊന്നും രേഖപ്പെടുത്താതെ സെക്രട്ടറി നടപ്പിലാക്കുകയായിരുന്നു.

2) പ്രോജക്ട് വിഭാവനം ചെയ്ത പ്രവർത്തികളിൽപ്പെട്ട ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനുള്ള അടിയന്തിര നടപടികളൊന്നും സ്വീകരിച്ചില്ല. നദികൾ വൃത്തിയാക്കി നദീതീരങ്ങളിൽ മുളവച്ചു പിടിപ്പിക്കുക എന്ന പ്രവർത്തനവും നടത്തിയിട്ടില്ല.

3) 1,00,000/-രൂപ ചെലവഴിച്ച് ചെങ്കൽ ഗ്രാമ പഞ്ചായത്തിലെ ജലസ്രോതസ്സുകളുടെ വിവരങ്ങളടങ്ങുന്ന 1000കൈപ്പുസ്തകവും ഡിവിഡികളും തയ്യാറാക്കി. ഇപ്രകാരം തയ്യാറാക്കിയ മുഴുവൻ കൈപ്പുസ്തകങ്ങളും ഡിവിഡികളും പദ്ധതി നടപ്പിലാക്കിയ ഏജൻസിക്ക് തന്നെ നല്കി.

4)പദ്ധതി പൂർത്തീകരിച്ചതായി AMAS ഡയറക്ടർ അറിയിക്കുകയും ചെലവു വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 1,25,000/-രൂപ കൂടെ AMASന് നൽകി.

സെക്രട്ടറി നടപ്പിലാക്കേണ്ടിയിരുന്ന പ്രോജക്ട് ബാഹ്യ ഏജൻസിയെ ഏൽപിച്ചതിനും പ്രോജക്ടിന് അനുവദിച്ച മുഴുവൻ തുകയും ഏജൻസിക്ക് നല്കിയതിനും പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച 1000കൈപ്പുസ്തകങ്ങളും ഡിവിഡികളും എപ്രകാരം പ്രയോജനപ്പെടുത്തി എന്ന വിവരം ലഭ്യമല്ലാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.20നല്കി. എന്നാൽ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി തൃപ്തികരമല്ല.AMAS ന്സർക്കാർ അംഗീകാരവും ISO സർട്ടിഫിക്കേഷനും ഉള്ളതിനാലാണ് പ്രോജക്ട് നടപ്പിലാക്കാൻ AMAS എന്ന ഏജൻസി യെ ചുമതലപ്പെടുത്തിയതെന്നും എഗ്രിമെന്റ് പ്രകാരമുള്ള പ്രവർത്തികൾ ഏജൻസി നടപ്പിലാക്കിയിട്ടുണ്ടെന്നും നല്കിയിരിക്കുന്ന മറുപടി വസ്തുതകൾക്ക് നിരക്കുന്നതല്ല.ഒരു ഏജൻസിക്ക് നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ഉള്ളതും ISO സർട്ടിഫിക്കേഷൻ ഉള്ളതും സർക്കാർ പദ്ധതികൾ നടപ്പിലാക്കാനുള്ള അംഗീകാരമാകുന്നില്ല. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന് സെക്രട്ടറി സമർപ്പിച്ച പ്രോജക്ടിൽ നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കും എന്നും നദി വൃത്തിയാക്കി തീരങ്ങളിൽ മുള വച്ചു പിടിപ്പിക്കും എന്നും പദ്ധതിയുടെ ലക്ഷ്യങ്ങളായി ഉൾപ്പെടുത്തിയിരുന്നു.

മേൽ പ്രസ്താവിച്ചിരിക്കുന്ന അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ പ്രോജക്ട് നടപ്പിലാക്കാൻ ചെലവഴിച്ച 2,50,000രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 പൊതുമരാമത്ത് പ്രവൃത്തികൾക്ക് അധിക തുക നല്കി-14,333/-രൂപയുടെ ചെലവ് നിരാകരിക്കുന്നു

2015 -2016 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ചുവടെ വിവരിക്കുന്ന പ്രോജക്ടുകളിൽ class designation 5.0 ആയ ബ്രിക് വർക്കിന് observed data പ്രകാരം നിരക്ക് നിശ്ചയിച്ച് നൽകിയപ്പോൾ ഫ്ലോർ ലെവൽ രണ്ടിന് മുകളിൽ ഫ്ലോർ ലെവൽ അഞ്ചിന് വരെ നല്കാവുന്ന എക്സ്ട്രാ ലേബർ നല്കിയതിലൂടെ ഘന മീറ്ററിന് 531.10രൂപ (371.77*1.42857) നിരക്കിൽ അധികം തുക നല്കിയതായി കാണുന്നു. പ്രോജക്ടുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജ. നമ്പർ | പ്രോജക്ടിന്റെ പേര് | ബ്രിക് വർക്കിന്റെ അളവ് | ബ്രിക് വർക്ക് ചെയ്തിരിക്കുന്ന ഫ്ലോർ ലെവൽ | അധികം നല്കിയിരിക്കുന്ന തുക | കൺവീനറുടെ പേരും തുക നല്കിയ ഡിഡിയുടെ വിവരങ്ങളും. |
|---|---|---|---|---|---|
| 156/ 15-16 | 145ാം നമ്പർ അംഗനവാടിയുടെ മെയിന്റനൻസ് | 6.22cub.m | ഫ്ലോർ ലെവൽ 1 | 3303രൂപ (6.22*531.1) | ശ്രീമതി പ്രസീത<br>DDNo.738281 Date 16.03.16<br>Amount: Rs.3,90,407/- |
| 278/16 | ഈ.എം.എസ് സാംസ്കാരിക പാർക്കിൽ ടിവി കിയോസ്കും അനുബന്ധ സൗകര്യവും. | 6.57cub.m | ഫ്ലോർ ലെവൽ 1 | 3489 രൂപ (6.57*531.1) | ശ്രീ മനസൂരൻ<br>DDNo.586645 Date 30.03.16<br>Amount: Rs.3,64,623/- |
| 257/16 | സർക്കാർ മൃഗാശുപത്രിയിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | 7.92cub.m | ഫ്ലോർ ലെവൽ 1 | 4206 രൂപ (7.92*531.1) | ശ്രീ മോഹനൻ<br>DDNo.734779 Date 24.12.15<br>Amount: Rs.2,77,892/- |
| 208/16 | മര്യാപുരം വി.ഇ.ഒ.ഓഫീസ് മെയിന്റനൻസ് | 6.28cub.m | ഫ്ലോർ ലെവൽ 1 | 3335 രൂപ (6.28*531.1) | ശ്രീ സെൽവരാജ്<br>DDNo.736206 Date 27.01.16<br>Amount: Rs.3,59,334/- |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | ആകെ | | | 14333രൂപ | |

മേൽ വിവരിച്ചിരിക്കുന്ന പ്രകാരമുള്ള നഷ്ടം 14333രൂപയുടെ ചെലവ് നിരാകരിക്കാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്രിക്ക് വർക്കിന് അധിക നിരക്ക് നല്കിയതിലൂടെ ഉണ്ടായ നഷ്ടം 14333രൂപ (പതിന്നാലായിരത്തി മുപ്പത്തിമൂന്ന് രൂപ മാത്രം) എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹണം നടത്തി അളവെടുത്ത് തുക അനുവദിച്ച് നല്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3- 4 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ആകെ തൊഴിൽ കാർഡുകളുടെ എണ്ണം - 7987

ആകെ പദ്ധതികൾ - 290

ആകെ തൊഴിൽ ലഭ്യമാക്കിയത് - 4

100 ദിനം പൂർത്തിയാക്കിയത് - 41

ആകെ വരവ് - 22721064

ആകെ ചെലവ് - 22687719

നീക്കിയിരിപ്പ് - 33345

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 2015-16സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 290 പദ്ധതികൾ നടപ്പിലാക്കുകയും 120123തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് ഭരണച്ചെലവുൾപ്പെടെ 22687719/-രൂപ ചെലവഴിക്കുകയും ചെയ്തു.തൊഴിൽ കാർഡ് നേടിയ 7987കുടുംബങ്ങളിൽ 4349 കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുവാനും 41 കുടുംബങ്ങൾക്ക്100 ദിനം പൂർത്തിയാക്കുവാനും കഴിഞ്ഞു.അവിദഗ്ധ മേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്ഥികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.എന്നാൽ 290പദ്ധതികൾ നടപ്പിലാക്കിയിട്ടും തൊഴിൽ കാർഡ് നേടിയ 4349കുടുംബങ്ങളിൽ 41കുടുംബങ്ങൾക്ക് മാത്രമേ 100 ദിനം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ എന്നത് പദ്ധതി നിർവ്വഹണത്തിന്റെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. വരും വർഷങ്ങളിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

(എ ) തൊഴിലുറപ്പ് പദ്ധതിയിൽ മുൻഗണനാക്രമം പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ തൊഴിലുറപ്പ് പദ്ധതികളിൽ മാർഗ്ഗനിർദ്ദേശ പ്രകാരം ഉൾപ്പെടുത്താവുന്ന പദ്ധതികളുടെ മുൻഗണനാക്രമം പാലിച്ചിട്ടില്ല. തോട് നവീകരണം, സ്വകാര്യഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ എന്നിവ മാത്രമാണ് ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ പദ്ധതികളിൽ ഭൂരിഭാഗവും.

തൊഴിലുറപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ ആസൂത്രണം ചോയ്യുമ്പോൾ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്ന പറഞ്ഞിട്ടുള്ള മുൻഗണനാക്രമം പാലിക്കേണ്ടതാണ്. ഇതേ വിഷയം 2014-15സാമ്പത്തിക വർഷത്തെ ഓഡിറ്റ് ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്. എന്നാൽ അധികൃതർ മതിയായ പ്രധാന്യം /പരിഗണന നൽകിയിട്ടില്ല.

(ബി) ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾക്ക് തൊഴിലുറപ്പിൽ പ്രാധാന്യം കൊടുക്കുന്നില്ല

ജി.ഒ (ആർ.ടി) 334/12 ത.സ്വ.ഭ.വ. 02-02-2012 പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പിലാക്കുന്ന ആകെ പ്രവൃത്തികളുടെ 10% തുക വിനിയോഗിച്ച് ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ, ഒരു ഗ്രാമത്തിലെ ആവാസ കേന്ദ്രങ്ങളിലൂടെയുള്ള റോഡുകൾ എന്നിവ ഏറ്റടുക്കേണ്ടതാണ്.എന്നാൽ മേൽ സൂചന പ്രകാരം ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്ത് മതിയായ പ്രാധാന്യം നൽകിയിട്ടില്ല. ആസ്തികൾ സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രവൃത്തികൾ കൂടി തൊഴിലുറപ്പ് പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3-5 വസ്തുനികുതി പരിഷ്കരണം രേഖയില്ല - 70794 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

Expenditure statement പ്രകാരം പ്രോജക്റ്റ്നം.255/16 ൽ ഉൾപ്പെടുത്തി വസ്തുനികുതിപരിഷ്കരണത്തിനായി 70794 രൂപ ചെലവഴിച്ചു.ഓഡിറ്റ് എൻക്വയറി നം19 മുഖേന ചെലവ് വിവരം ആവശ്യപ്പെട്ടിട്ടും ടി പ്രോജക്റ്റ് ഫയൽ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-6 ബാലസഭ -അധികം നൽകിയ തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട്നം.223ൽ ഉൾപ്പെടുത്തി ബാലസഭയ്ക്കായി 63000 രൂപ CDS ന് അനുവദിച്ചിട്ടുണ്ട്. ജി.ഒ.(പി)നം. 4/2016 തീ 11.1.16ഉത്തരവു പ്രകാരം പരമാവധി 35000 രൂപ മാത്രമേ ടി പ്രോജക്ടിന് അനുവദനീയമായിട്ടുള്ളൂ.പ്രസ്തുത തുക CDS ന് ലഭിച്ചിട്ടുള്ളത് /4/16 ലാണ്. രണ്ടു വർഷത്തേയ്ക്കാണ് ടി തുക അനുവദിച്ചതെന്നും അധികം ലഭിച്ച തുക അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറി നം.9 ന് നല്കിയ മറുപടിയിൽ CDS ചെയർപേഴ്സൺ അറിയിച്ചിട്ടുണ്ട്. രണ്ടു വർഷത്തേയ്ക്കുള്ള തുക ഒരുമിച്ച് അനുവദിച്ചുവെന്ന് പറയുന്നത് അംഗീകരിക്കുന്നില്ല. അതിനാൽ 63000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ആശ്രയ പദ്ധതി -തുക ചെലവഴിച്ചിട്ടില്ല.

Expenditure Statement പ്രകാരം പ്രോജക്ട് നം. 223ൽ ഉൾപ്പെടുത്തി ആശ്രയ പദ്ധതി തുടർസേവനത്തിനായി 100000 രൂപ അനുവദിച്ചിട്ടുണ്ട്. 22/4/16 ലാണ് ടി തുക CDS ന് ലഭിച്ചിട്ടുള്ളത്. ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കളുടെ അംഗീകൃതലിസ്റ്റ് നിലവിലുണ്ടെങ്കിലും ടി തുക ചെലവഴിച്ചിട്ടില്ല. 2012-13 വർഷത്തിൽ തുടർസേവനത്തിന് പ്രോജക്ടിന്റെ കാലാവധി പൂർത്തിയായതിനാൽ ടി തുക ചെലവഴിക്കാൻ സാധിച്ചില്ലെന്നും, ജില്ലാമിഷന്റെ ഉത്തരവു കിട്ടുന്ന മുറയ്ക്ക് തുക ചെലവഴിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നം.19 ന് നല്കിയ മറുപടിയിൽ CDS ചെയർ പേഴ്സൺ അറിയിച്ചിട്ടുണ്ട്.

## 3-8 നഴ്സറി സ്കൂളിന്റെ പ്രവർത്തനം -മാതൃകാപരം

പഞ്ചായത്തിന്റെ തോട്ടിൻകര ശിശുമന്ദിരം നഴ്സറി സ്കൂള് വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന സ്ഥപനമാണ്. 36 കുട്ടികൾക്ക് ഉച്ചഭക്ഷണം പാകം ചെയ്യുനല്കുന്നതിനായി LPG Connection സെക്രട്ടറിയുടെ പേരിൽ ഉണ്ട്. എന്നാൽ അത് Commercial rate -ൽ ഉള്ളതാണ്. അധികച്ചെലവ് കുറയ്ക്കുന്നതിനായി Domestic rate LPG Connection എടുക്കേണ്ടതാണ്.ഓഡിറ്റ് ടീം സ്കൂൾ സന്ദർശിച്ചപ്പോൾ കിണറ്റിലെ പമ്പ് ദിവസങ്ങളായി പ്രവർത്തനക്ഷമമല്ലെന്നു കണ്ടു. സ്കൂളിന്റെ ശുചിത്വം പരിപാലിക്കാൻ അടിയന്തിരമായി ടി അപാകം പരിഹരിക്കാൻ ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ആയുർവേദ മരുന്നുകളുടെ വിതരണത്തിൽ കാലതാമസം - പദ്ധതിയുടെ ഗുണം ലഭിക്കുന്നില്ല.

സർക്കാർ ഡിസ്പെൻസറികളിൽ മരുന്നു വിതരണത്തിനായാണ് പദ്ധതി രൂപീകരിച്ചത്. ഇതിനായി 350000 രൂപ 2015-16 കാലയളവിൽ ചെലവാക്കിയിട്ടുണ്ട്. മരുന്നുകൾ വിതരണം ചെയ്യുന്നതിനായി ഔഷധിയുമായി 31.8.15 ൽ കരാറിൽ ഏർപ്പെടുകയും 350000 രൂപ ഡിമാൻഡ് ഡ്രാഫ്റ്റ് വഴി അന്നേ ദിവസം കൈമാറുകയും ചെയ്തു. കരാർ പ്രകാരം ഓർഡർ തീയതി മുതൽ 60 ദിവസത്തിനുള്ളിൽ ഔഷധി മരുന്നുകൾ വിതരണം ചെയ്യണം. സർക്കാരിന്റെ 27.2.2006ലെ 5398/ഡിപി-1/2006 നമ്പർ സർക്കുലർ പ്രകാരം ടി സമയ ക്രമത്തിനുള്ളിൽ വിതരണം നടത്തിയില്ലെങ്കിൽ നഷ്ടപരിഹാരം ആവശ്യപ്പെടാവുന്നതാണ്. എന്നാൽ ഔഷധി മരുന്ന് വിതരണം നടത്തിയിരിക്കുന്നതിൽ കാലതാമസം നേരിട്ടതായി കാണാവുന്നതാണ്.താഴെപ്പറയുന്ന തീയതികളിലാണ് ഔഷധി മരുന്ന് വിതരണം നടത്തിയത്.

| ക്രമ നം. | ഇൻവോയ്സ് നമ്പർ | ഇൻവോയ്സ് തീയതി | മരുന്ന് ലഭിച്ച തീയതി |
|---|---|---|---|
| 1 | 939 | 17.8.15 | 7.10.15 |
| 2 | 1008 | 26.8.15 | 07.10.15 |
| 3 | 1293 | 7.10.15 | 30.10.15 |
| 4 | 1696 | 27.11.15 | 30.12.15 |
| 5 | 1943 | 3.12.15 | 30.12.15 |
| 6 | 2035 | 16.12.15 | 13.1.16 |
| 7 | 2452 | 18.1.16 | 29.2.16 |
| 8 | 2114 | 19.12.15 | 29.2.16 |

കൂടാതെ ആവശ്യപ്പെട്ട മരുന്നുകൾ ഗഡുക്കളായാണ് വിതരണം ചെയ്യുന്നത്.അതായത് അഗസ്ത്യ രസായനം 7.10.15, 30.12.15 എന്നീ തീയതികളിലും ധാന്വന്തരം ഗുളിക 7.10.15, 30.10.15 തീയതികളിലും ശ്വാസാനന്തം ഗുളിക 7.10.15, 30.12.15 തീയതികളിലുമാണ് വിതരണം ചെയ്തത്.ഇതു സംബന്ധിച്ച് വിവരങ്ങൾ ലഭിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകി.(നം.17) വർഷങ്ങളായി മരുന്നുകൾ വിതരണം ചെയ്യുന്നതിൽ ഔഷധി വലിയ കാലതാമസം വരുത്തുന്നുണ്ടെന്നും അതുകൊണ്ട് രോഗികൾക്ക് മരുന്നുകൾ സമയത്തിന് നൽകാൻ സാധിക്കുന്നില്ല എന്നാണ് മറുപടി ലഭിച്ചത്. കൂടാതെ മരുന്നുകൾ ഗഡുക്കളായി നൽകുന്നതിനാൽ രോഗികൾക്ക് സമയത്തിന് മരുന്നുകൾ നൽകാൻ സാധിക്കുന്നില്ല എന്നും മറുപടി ലഭിച്ചു. കാലതാമസം സംബന്ധിച്ചവിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും നിർവ്വഹണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തു. ഔഷധി മരുന്നുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നതിനാൽ പദ്ധതി സംബന്ധിച്ച പ്രയോജനം രോഗികൾക്ക് ലഭിക്കുന്നില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | പദ്ധതി അടങ്കൽ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി. | മര്യാപുരം ഹരിജൻ കോളനി സ്ട്രീറ്റ് ലൈൻ പ്രോജക്ട് നം. 4 | 5200128 | 50000 | 49600 | - |
| 2 | ക.എസ്.ഇ.ബി. | തോട്ടിൻകര വാർഡിൽ ലൈൻ എക്സ്റ്റൻഷൻ പ്രോജക്ട് നം. 6 | 5200115 | 100000 | 99323 | - |
| 3 | ക.എസ്.ഇ.ബി. | തോട്ടിൻകര വാർഡിൽ സ്ട്രീറ്റ് ലൈറ്റ് പ്രോജക്ട് നം. 7 | 5200167 | 100000 | 99150 | - |

| | | | | | | |
|---|---|---|---|---|---|---|
| 4 | ക.എസ്.ഇ.ബി. | 19 നമ്പർ വാർഡിലെ പോസ്റ്റ് മാറ്റൽ<br>പ്രോജക്ട് നം. 109 | 52001192 | 50000 | 47094 | - |
| 5 | ക.എസ്.ഇ.ബി. | ഉദിയൻകളങ്ങര കല്ലിംഗപൊറ്റ പോസ്റ്റ് മാറ്റൽ,<br>പ്രോജക്ട് നം. 123 | 52001102 | 20000 | 12956 | - |
| 6 | ക.എസ്.ഇ.ബി. | 9നമ്പർ വാർഡിൽ പോസ്റ്റ് മാറ്റലും പുതിയ പോസ്റ്റ് സ്ഥാപിക്കലും<br>പ്രോജക്ട് നം. 125 | 52001297 | 50000 | 49725 | - |
| 7 | ക.എസ്.ഇ.ബി. | 15 നമ്പർ വാർഡിൽ ലൈൻ എക്സ്റ്റൻഷൻ<br>പ്രോജക്ട് നം. 179 | 5200165 | 200000 | 198600 | - |
| 8 | ക.എസ്.ഇ.ബി. | പാവറത്തുവിള ലൈൻ മാറ്റൽ, പ്രോജക്ട് നം. 321 | 52001340 | 50000 | 44827 | - |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | സ്ഥാപനം |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ(സാധ) നം.207/2010 /ത.സ്വ.ഭ.വ, തിയതി. 20-01-2010 | 18000000 | 9000000 | 3600000 | | 5400000 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6. ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-)0വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 150011140 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 142108248 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14333 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 383794 |
| | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 14333 | അസി.എഞ്ചിനിയർ, വിഷ്ണു.ആർ, |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 250000 | സെക്രട്ടറി, സി.ബാബു |
| 3-5 | 70794 | സെക്രട്ടറി, സി.ബാബു |
| 3-6 | 63000 | സി.ഡി.എസ്. |
| | | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അസി.എഞ്ചിനിയർ, വിഷ്ണു.ആർ, | ചെങ്കൽ ഗ്രാമപഞ്ചായത്ത്. | നന്ദനം, റ്റി.സി. 55/1648/2, അമ്പനാട് ലെയിൻ, കൈമനം പി.ഒ, തിരുവനന്തപുരം-40 |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995 -1996 | എൽ.എഫ്.റ്റി.ഡി.6(എ)/22/98,തിയതി. 12-03-2009 | 1 | |
| 1996 - 97 | എൽ.എഫ്.റ്റി.ഡി.6(എ)/22/98, തിയതി. 08-102008 | 11 | |
| 1997-98 | എൽ.എഫ്.റ്റി.ഡി.6(എ)/582/98, തിയതി. 29-0102001 | 2 | |

| | | | |
|---|---|---|---|
| 1998-99 | എൽ.എഫ്.റ്റി.ഡി. | - | |
| 1999-00 | എൽ.എഫ്.റ്റി.ഡി.6(എ)/24/02,തിയതി..10-12-2002 | 7 | |
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.1/38/2010, തിയതി. 22-07-2010 | 1 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.1/637/2005, തിയതി.22-08-2008 | 6 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.1/16/2010, തിയതി. 16-07-2008 | 4 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1772/2007, തിയതി. 18-08-2009 | 20 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി. 1/1631/2008, തിയതി. 15-11-2010 | 15 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.01/1641/2008, തിയതി. 23-07-2009 | 6 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1251/2009, തിയതി. 22-03-2010 | 12 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.01/545/2011, തിയതി. 09-05-2012 | 14 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി. 01/546/2011, തിയതി. 13-06-2012 | 12 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.01/331/2011, തിയതി.05-04-2013 | 10 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.01/970/2013, തിയതി. 12-11-2013 | 9 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1820/2013, തിയതി. 12-03-2014 | 09 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.01/1145/2014, തിയതി. 15-10-2014 | 12 | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.01/686/2015, തീയതി 11-9-2015 | 26 | |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി1/ / 1374 /2016, തിയതി. 01-08-2016. | 23 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ചെങ്കൽ ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

ന്യൂനതകളുടെ സംഗ്രഹം

ഗ്രാമപഞ്ചായത്തിന്റെ എല്ലാ ആസ്തികളെയും സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ാർഷിക ധനകാര്യ പത്രികയിലെ NREGS ഫണ്ട് ചെലവ് തുകകൾ SFC സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.